(ബി) കോർപ്പസ് ഫണ്ടുപയോഗിച്ച് ഈ വർഷം പൂർത്തിയാക്കിയ പദ്ധതികൾ അനുബന്ധം 1 & 2 ആയി ചേർക്കുന്നു.*

(സി) അനുബന്ധം 3 ആയി ചേർക്കുന്നു.*

പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിലെ ക്രമക്കേട്

209 (2418) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിൽ ക്രമക്കേടുകൾ എന്തെങ്കിലും ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പട്ടികജാതി കോളനികളുടെ നവീകരണം

210 (2419) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കോടി രൂപ ചെലവഴിച്ച് പട്ടികജാതി കോളനികൾ നവീകരിക്കുന്ന പദ്ധതി 2015-16 വർഷത്തിൽ നടപ്പിലാക്കുന്നുണ്ടോ ; വിശദവിവരം ലഭ്യമാക്കാമോ ;

(ബി) ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ഏതെല്ലാം കോളനികൾ നവീകരിക്കുന്നുണ്ട് ; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കുവാൻ തീരുമാനിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയുടെ ഒന്ന്, രണ്ട് ഘട്ടങ്ങളിൽ 2012-13, 2013-14 വർഷങ്ങളിൽ തെരഞ്ഞെടുത്ത കോളനികളിൽ പദ്ധതി പുരോഗമിച്ചു വരുന്നു. പുതിയ കോളനികൾ തെരഞ്ഞെടുക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒറ്റർ ഗ്രാമപഞ്ചായത്തിലെ ഞായലിൽ കോളനി, കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ തോപ്പിൽ കോളനി എന്നിവ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഞായലിൽ കോളനിയിലെ നിർമ്മാണ പ്രവൃത്തികളിൽ 90% പൂർത്തിയായിട്ടുണ്ട്. കുളം നവീകരിക്കുന്നതിന്റെ ഭാഗമായുള്ള സൈഡ് വാൾ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്.

തോപ്പിൽ കോളനിയിൽ 50% നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ആഗസ്റ്റ് മാസത്തോടെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികജാതി കോളനികളുടെ നവീകരണം

211 (†2420) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി കോളനികളുടെ നവീകരണത്തിനായി ഈ സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) പട്ടികജാതി കോളനികളിലെ വീടുകൾ പുനരുദ്ധരിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും ഉദ്ദേശിക്കുന്നുണ്ടോ ;

(സി) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ എഴുമാന്തുരുത്ത് പട്ടികജാതി കോളനിയുടെ അടിസ്ഥാന സൗകര്യവികസനം സംബന്ധിച്ച് നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ പക്കലാണ്, ഫയൽ നമ്പർ അറിയിക്കാമോ ?

ഉത്തരം

(എ) പട്ടികജാതി കോളനികളുടെ നവീകരണത്തിനായി കോർപസ് ഫണ്ട് ഉപയോഗിച്ച് വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഇതിനുപുറമെ സ്വയംപര്യാപ്ത

---

† മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly